സ്ഥാപിതം
1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാള്യം: 60 ലക്കം: 243 2026 ജനുവരി 06 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

## കരിപ്പൂരിൽ ദുബായ് വിമാനം തുടർച്ചയായി റദ്ദാക്കി; വലഞ്ഞ് യാത്രക്കാർ, 180 പേർ കുടുങ്ങി

കരിപ്പൂർ: വിമാനം റദ്ദാക്കിയതോടെ കരിപ്പൂർ വിമാനത്താവളത്തിൽ കുടുങ്ങി യാത്രക്കാർ. കരിപ്പൂരിൽ നിന്നും ദുബായിലേക്ക് പോകേണ്ട സ്പൈസ് ജെറ്റ് വിമാനം തുടർച്ചയായി റദ്ദാക്കിയതാണ് യാത്രക്കാരെ വലച്ചത്. 180 യാത്രക്കാർ കരിപ്പൂർ വിമാനത്താവളത്തിൽ കുടുങ്ങി.

തിങ്കളാഴ്ച രാത്രി 11.50 ന് ദുബൈയിലേക്ക് പോവേണ്ട സ്പൈസ് ജെറ്റ് വിമാനം ഇതുവരെ പുറപ്പെട്ടിട്ടില്ല. യാത്രക്കാർ ബഹളം വെച്ചതോടെ വിമാനം ചൊവ്വാഴ്ച പുറപ്പെടുമെന്ന് പറഞ്ഞ് യാത്രക്കാരെ ഹോട്ടലുകളിലേക്ക് മാറ്റിയിരുന്നു. രാവിലെ 10.30 ന് പുറപ്പെടുമെന്ന് അറിയിച്ച പ്രകാരം യാത്രക്കാർ ചെക്കിൻ ചെയ്യുകയും ചെയ്തു. എന്നാൽ ഇതിന് ശേഷം സാങ്കേതിക തകരാറാണെന്നുപറഞ്ഞ് വിമാനം റദ്ദാക്കുകയായിരുന്നു.

# പ്രസിഡന്റിന്റെ കൊട്ടാരത്തിനടുത്ത് അജ്ഞാത ഡ്രോണുകൾ, പിന്നാലെ വെടിവയ്പ്പ്

കാരക്കാസ്: യുഎസ് സൈന്യം ആക്രമണം നടത്തി പ്രസിഡന്റ് നിക്കോളാസ് മഡുറോയെ പിടികൂടിയതിനെ തുടർന്ന് കടുത്ത ജാഗ്രതയിലാണ് വെനസ്വേല. ഇപ്പോഴിതാ തിങ്കളാഴ്ച രാത്രി കാരക്കാസിൽ പ്രസിഡന്റിന്റെ കൊട്ടാരത്തിന് സമീപം വെടിവയ്പ്പ് നടന്നതായാണ് റിപ്പോർട്ട്. എന്നാൽ സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണെന്നാണ് സർക്കാർ വൃത്തങ്ങൾ പറയുന്നത്.


കാരക്കാസിലെ മിറാഫ്ളോറസ് കൊട്ടാരത്തിന് മുകളിലൂടെ അജ്ഞാത ഡ്രോണുകൾ പറന്നുയർന്നെന്നും രാത്രി 8മണിയോടെ സുരക്ഷാ സേന വെടിയുതിർത്തെന്നുമാണ് പുറത്തുവരുന്ന റിപ്പോർട്ട്. വെനസ്വേലയുടെ ആക്ടിംഗ് പ്രസിഡന്റായി വൈസ് പ്രസിഡന്റ് ഡെൽസി റൊഡ്രിഗ്വസ് ചുമതലയേറ്റ് മണിക്കൂറുകൾക്ക് ശേഷമാണ് സംഭവം നടക്കുന്നത്. മിനിറ്റുകളോളം മാത്രം നീണ്ടുനിന്ന ആക്രമണം അത്ര ശക്തമായിരുന്നില്ലെന്ന് ദൃക്സാക്ഷികൾ പറയുന്നു.

വെനസ്വേലയിൽ നടന്ന വെടിവയ്പ്പിൽ തങ്ങൾക്ക് പങ്കില്ലെന്ന് അമേരിക്ക അറിയിച്ചു. വെടിവയ്പ്പ് സംബന്ധിച്ച റിപ്പോർട്ടുകൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്നും വൈറ്റ് ഹൗസ് ഉദ്യോഗസ്ഥൻ ഒരു മാദ്ധ്യമത്തോട് പറഞ്ഞു. കൊട്ടാരത്തിന് സമീപമുള്ള സുരക്ഷാ ഗ്രൂപ്പുകൾ തമ്മിലുള്ള ആശയകുഴപ്പമാണ് വെടിവയ്പ്പിന് പിന്നിലെന്നാണ് സിഎൻഎൻ റിപ്പോർട്ട് ചെയ്യുന്നത്. എന്നാൽ ഇത് ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ല.

അതേസമയം, വീണ്ടും ആക്രമിക്കാൻ മടിയില്ലെന്ന യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഭീഷണിക്ക് പിന്നാലെ ഡെൽസി റൊഡ്രിഗ്വസ് നിലപാട് മയപ്പെടുത്തി. മഡുറോയെ പിടികൂടിയതിനെതിരെ ആദ്യം ശക്തമായ എതിർപ്പ് പ്രകടിപ്പിച്ച ഡെൽസി, വെനസ്വേലയിലെ ജനങ്ങളുടെ സുരക്ഷയ്ക്കായി യു.എസുമായി സഹകരിക്കാൻ തയ്യാറാണെന്ന് അറിയിച്ചു.

'യു.എസുമായി മാന്യമായ ബന്ധം പുലർത്താൻ മുൻഗണന നൽകും. സഹകരണ അജണ്ട മുൻനിറുത്തി ഒരുമിച്ച് പ്രവർത്തിക്കാൻ യു.എസ് സർക്കാരിനെ ഞങ്ങൾ ക്ഷണിക്കുന്നു' – ഡെൽസി പറഞ്ഞു. മഡുറോ സർക്കാരിലെ മന്ത്രിമാരെല്ലാം നിലവിൽ പദവിയിൽ തുടരുകയാണ്.

## മുൻ കേന്ദ്രമന്ത്രി സുരേഷ് കൽമാഡി അന്തരിച്ചു



പൂണെ: മുൻ കേന്ദ്ര മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ സുരേഷ് കൽമാഡി (81) അന്തരിച്ചു. പൂണെയിലെ ദീനനാഥ് മങ്കേഷ്കർ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം സംഭവിച്ചത്. ദീർഘനാളായി അസുഖബാധിതനായിരുന്നു അദ്ദേഹം. ഭൗതികശരീരം ഇന്ന് ഉച്ചയ്ക്ക് 2 മണി വരെ പൂണെ എരണ്ട്വാനിലെ 'കൽമാഡി ഹൗസിൽ' പൊതുദർശനത്തിന് വെയ്ക്കും. തുടർന്ന് ഉച്ചകഴിഞ്ഞ് 3:30–ന് നവി പേട്ടിലെ വയ്കുണ്ഠ് ശ്മശാനഭൂമിയിൽ സംസ്കാരം നടത്തും.

# ക്യാപ്ടൻ പിണറായി തന്നെ: എ കെ ബാലൻ



പാലക്കാട്: മുഖ്യമന്ത്രി പിണറായി വിജയൻ വീണ്ടും തിരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് മുതിർന്ന സിപിഎം നേതാവ് എ കെ ബാലൻ. ഒരു സ്വകാര്യ ചാനലിനോട് സംസാരിക്കവെയാണ് പിണറായി മത്സരിക്കുമെന്ന കാര്യം അദ്ദേഹം ഉറപ്പിച്ചുപറഞ്ഞത്. പാർട്ടിയിലെ രണ്ടുടേം വ്യവസ്ഥ ഇരുമ്പുലക്കയല്ലെന്നും അനിവാര്യഘട്ടങ്ങളിൽ മാറ്റം വരുത്തുമെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ താൻ ഇത്തവണയും മത്സരിക്കില്ലെന്ന് ബാലൻ വ്യക്തമാക്കി.

'പിണറായി മത്സരിക്കുന്നത് എൽഡിഎഫിന് ഗുണംചെയ്യും. തിരഞ്ഞെടുപ്പ് പ്രചാരണത്തിന് നേതൃത്വം കൊടുക്കുന്നയാൾ അടുത്ത മുഖ്യമന്ത്രിയാകും. അടുത്ത തിരഞ്ഞെടുപ്പോടെ കോൺഗ്രസ് ഛിന്നഭിന്നമാകും. അബോർട്ട് ചെയ്യാൻപോകുന്ന കുഞ്ഞിന്റെ ജാതകം ഇപ്പോൾത്തന്നെ നിശ്ചയിക്കേണ്ട കാര്യമില്ലല്ലോ? ഫലം വരുമ്പോൾ കോൺഗ്രസ് പൂർണമായും അബോർട്ട് ചെയ്യപ്പെടും. നൂറിലധികം സീറ്റെന്ന യുഡിഎഫിന്റെ മോഹം മലർപ്പൊടിക്കാരന്റെ സ്വപ്നമാണ്. അത്ഭുതങ്ങൾ കാണിച്ച സർക്കാരാണ് രണ്ടാം പിണറായി സർക്കാർ. അതിനാൽത്തന്നെ എൽ ഡിഎഫ് മികച്ച ഭൂരിപക്ഷത്തോടെ വീണ്ടും അധികാരത്തിലെത്തും'–ബാലൻ പറഞ്ഞു.

വെള്ളാപ്പള്ളി നടേശൻ ന്യൂനപക്ഷത്തെ അധിക്ഷേപിച്ചു എന്ന ആരോപണത്തെയും ബാലൻ എതിർത്തു. 'വെള്ളാപ്പള്ളി വിമർശിക്കുന്നത് ലീഗിനെയാണ്. അതിൽ എന്താണ് തെറ്റ്. സിപിഐയും വെള്ളാപ്പള്ളിയുമായുള്ള തർക്കം അവരുടെ കാര്യമാണ്. സ്വർണക്കൊള്ള വിഷയം തിരഞ്ഞെടുപ്പിൽ എൽഡിഎഫിനെ ബാധിക്കില്ല. പോറ്റിയെക്കേറ്റേ, സോണിയ കണ്ടു എന്നുപാടാൻ അവരുടെ നാവെന്താ പൊന്താത്തത്'– ബാലൻ ചോദിച്ചു.

പിണറായി ഇത്തവണ നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിച്ചേക്കില്ലെന്ന് നേരത്തേ പുറത്തുവന്ന റിപ്പോർട്ടുകൾ വ്യക്തമാക്കിയിരുന്നു. ആരോഗ്യപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയായിരുന്നു ഇത്. മുഖ്യമന്ത്രി സ്ഥാനാർത്ഥിയെ നേരത്തേ പ്രഖ്യാപിക്കുന്ന രീതി സിപിഎമ്മിലില്ല. വിജയസാദ്ധ്യത പരിഗണിച്ചാവും എൽഡിഎഫ് സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നത്.

# ചൈനീസ് റഡാറുകൾ ചീറ്റി, എല്ലാം പരാജയം; യുഎസ് ആക്രമണം അറിയാതെ വെനസ്വേല



കാരക്കാസ്: ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യയുടെ ശക്തമായ ആക്രമണങ്ങളെ തടയുന്നതിൽ പാരാജയപ്പെട്ടതിന് പ്രധാന കാരണം ചൈനയിൽനിന്ന് വാങ്ങിയ വ്യോമ പ്രതിരോധ സംവിധാനങ്ങളും മിസൈലുകളുമായിരുന്നു. ഇപ്പോഴിതാ വെനസ്വേലയിൽ നടന്ന യു.എസ് ആക്രമണം കണ്ടെത്തി പ്രതിരോധിക്കാനാകാതെ പോയതിന് പിന്നിലെ ചൈനീസ് ബന്ധവും പുറത്തുവന്നു. ചൈനയിൽനിന്ന് വെനസ്വേല വാങ്ങിയ ജെ.വൈ.എൽ–1 ലോംഗ് റേഞ്ച് എസ്–ബാൻഡ് 3ഡി എയർ സർവൈലൻസ് റഡാറുകൾ അമേരിക്കൻ സൈനിക നീക്കത്തിനിടെ പൂർണ്ണമായും പരാജയപ്പെട്ടു. 450 കിലോ മീറ്റർ ദൂരെയുള്ള വിമാനങ്ങളെപ്പോലും കണ്ടെത്താൻ ശേഷിയുണ്ടെന്ന് അവകാശപ്പെട്ടിരുന്ന ഈ റഡാറുകൾക്ക് ഒരൊറ്റ യുഎസ് വിമാനത്തെയോ ഹെലികോപ്റ്ററിനെയോ തിരിച്ചറിയാൻ സാധിച്ചില്ലെന്നത് വലിയ വിമർശനങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്.

യുഎസ് സൈന്യം ഉപയോഗിച്ച അത്യാധുനിക ഇലക്ട്രോണിക് വാർഫെയർ വിമാനങ്ങളായ ഇ.എ–18ജി ഗ്രൗളറുകൾ റഡാർ സിഗ്നലുകളെ ജാം ചെയ്തതാണ് പരാജയത്തിന് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. കൂടാതെ, രാജ്യത്തെ വൈദ്യുതി തടസ്സങ്ങൾ കമാൻഡ് ആൻഡ് കൺട്രോൾ സംവിധാനങ്ങളെ ബാധിച്ചതും തിരിച്ചടിയായി

## ഇന്ത്യ–പാകിസ്താൻ ശത്രുത അവസാനിപ്പിക്കണമെന്ന് പറയുന്നത് രാജ്യദ്രോഹമല്ല– ഹിമാചൽ ഹൈക്കോടതി

ന്യൂഡൽഹി : ഇന്ത്യയും പാകിസ്താനും തമ്മിലുള്ള ശത്രുത അവസാനിപ്പിക്കണമെന്ന് പറയുന്നത് രാജ്യദ്രോഹമല്ലെന്ന് ഹിമാചൽ ഹൈക്കോടതി. പാകിസ്താൻ പതാകയുടെയും, നിരോധിത ആയുധങ്ങളുടെയും ചിത്രങ്ങൾ ഫെയ്സ്ബുക്കിൽ അപ്ലോഡ് ചെയ്ത വ്യക്തിക്ക് ജാമ്യം അനുവദിച്ചാണ് ഹിമാചൽ പ്രദേശ് ഹൈക്കോടതിയുടെ നിരീക്ഷണം.

അഭിഷേക് സിംഗ് ഭരദ്വാജ് എന്നയാൾക്കാണ് ഹിമാചൽ പ്രദേശ് ഹൈക്കോടതി ജാമ്യം അനുവദിച്ചത്. ഓപ്പറേഷൻ സിന്ദൂറിനെ വിമർശിക്കുകയും പാകിസ്താൻ സ്വദേശിയുമായി ആശയ വിനിമയം നടത്തുകയും ചെയ്തുവെന്ന കുറ്റവും അഭിഷേകിനെതിരെ ചുമത്തിയിരുന്നു. എന്നാൽ എഫ്ഐആറിൽ വിദ്വേഷം പടർത്തുന്ന പരാമർശമോ, ഇന്ത്യക്ക് എതിരായ പരാമർശമോ പ്രതി നടത്തിയെന്ന് പരാമർശിച്ചിട്ടില്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി.

# നേമത്ത് ശിവൻകുട്ടി തന്നെ; തലസ്ഥാനത്ത് വമ്പൻമാരുടെ പോരാട്ടത്തിന് കളമൊരുങ്ങി



തിരു: മന്ത്രി വി.ശിവൻകുട്ടിയെ തന്നെയിറക്കി നേമം നിലനിർത്താൻ സിപിഎം. വി.ശിവൻകുട്ടി തന്നെ സ്ഥാനാർഥിയാകുമെന്നും മറ്റു ആലോചന പാർട്ടിക്കില്ലെന്നും സിപിഎം നേതൃത്വം സൂചന നൽകി. ബിജെപിക്ക് വേണ്ടി രാജീവ് ചന്ദ്രശേഖർ മൽസരത്തിനിറങ്ങുമ്പോൾ കെ.എസ്. ശബരിനാഥൻ ഉൾപ്പടെയുള്ള നേതാക്കളാണ് കോൺഗ്രസിന്റെ പരിഗണിയിലുള്ളത്.

ബിജെപിയുടെ അക്കൗണ്ട് പൂട്ടിച്ചെന്ന് സിപിഎം എല്ലാക്കാലവും അഭിമാനത്തോടെ പറയുന്നത് നേമത്തെ വിജയം മുൻനിർത്തിയാണ്. തദ്ദേശ തിരഞ്ഞെടുപ്പിൽ തിരുവനന്തപുരത്ത് നേടിയ മികച്ച വിജയമാണ് നേമത്ത് മേൽകൈ അവകാശപ്പെടാൻ ബിജെപിക്ക് ആത്മവിശ്വാസമേകുന്നത്. നേമത്തു മൽസരിക്കാനില്ലെന്നായിരുന്നു ഇന്നലെ സിറ്റിങ് എംഎൽഎ കൂടിയായ മന്ത്രി വി.ശിവൻകുട്ടി ആദ്യം പറഞ്ഞത്. ശിവൻകുട്ടിയുടെ പ്രസ്താവന ബിജെപിയെ സഹായിക്കാനാണെന്നായിരുന്നു എം.വിൻസെന്റ് എം. എൽ.എയുടെ ആരോപണം. ഇതേ തുടർന്ന് പാർട്ടി തീരുമാനിക്കുമെന്ന് ശിവൻകുട്ടി തിരുത്തി. കൂടുതൽ വിശദീകരണവുമായി പാർട്ടി സെക്രട്ടറി എം.വി.ഗോവിന്ദനുമെത്തി. മൽസരിക്കില്ലെന്ന് പറഞ്ഞത് ശരിയല്ലെന്നും ഒരു ചർച്ചയും ഇതുവരെയുണ്ടായിട്ടില്ലെന്നും ഗോവിന്ദൻ പറഞ്ഞു.

രാജീവ് ചന്ദ്രശേഖർ മൽസരിക്കുമെന്ന് ഉറപ്പായതോടെ ശിവൻകുട്ടി അല്ലാതെ മറ്റാരും മണ്ഡലം നിലനിർത്താൻ പ്രാപ്തരല്ലെന്നാണ് സിപിഎമ്മിന്റെ വിലയിരുത്തൽ. ഭരണവിരുദ്ധ വികാരത്തിൽ സിപിഎം വീഴുമെന്നും താമര വീണ്ടും വിരിയുമെന്നുമുള്ള പ്രതീക്ഷയിലാണ് ബിജെപി. തദ്ദേശ തിരഞ്ഞെടുപ്പിൽ നേമം മണ്ഡലത്തിലുണ്ടാക്കിയ നേട്ടം രാജീവ് ചന്ദ്രശേഖറിനെ കുറച്ചൊന്നുമല്ല നേമം സീറ്റ് മോഹിപ്പിക്കുന്നത്.

സിപിഎം ബിജെപി വമ്പൻമാർ ഏറ്റുമുട്ടുന്ന മണ്ഡലമാണെങ്കിലും ഒരു വമ്പനെ ഇറക്കിയാൽ മണ്ഡലം പിടിക്കാമെന്നാണ് യുഡിഎഫ് കരുതുന്നത്. കടുത്ത മൽസരം നൽകണമെങ്കിൽ പോലും സംസ്ഥാന പരിവേഷമുള്ള നേതാവ് നേമത്ത് വരണം. കെ.എസ്.ശബരിനാഥനെ നേമത്ത് മൽസരിപ്പിക്കാൻ കോൺഗ്രസിൽ സജീവ ആലോചനയുണ്ട്.

ഐഎൻടിയുസി നേതാവ് വി.ആർ.പ്രതാപ്, കോർപറേഷൻ തിരഞ്ഞെടുപ്പിലെ താരം വൈഷ്ണ സുരേഷ് എന്നിവരും കോൺഗ്രസിന്റെസാധ്യതാ പട്ടികയിലുണ്ട്. ഭരണവിരുദ്ധവികാരത്തിനെതിരായ വോട്ട് കോൺഗ്രസിനു കിട്ടിയില്ലെങ്കിൽ അത് പൂർണമായും ബിജെപിയിലേക്ക് പോകുമെന്നത് സിപിഎമ്മിനെ ഭയപ്പെടുത്തുന്നുണ്ട്. അതിനാൽ കോൺഗ്രസിന് കരുത്തുള്ള സ്ഥാനാർഥി വരണമെന്നാണ് സിപിഎമ്മും ആഗ്രഹിക്കുന്നത്. ഹൈ വോൾട്ടേജ് മൽസരത്തിന് സ്ഥാനാർഥി പട്ടികയ്ക്കായി കാക്കുകയാണ് നേമത്തെ വോട്ടർമാർ.

## 'എനിക്കും പെൺമക്കളുണ്ട്'; പോക്സോ പ്രതിയുടെ പല്ല് അടിച്ച് കൊഴിച്ച് സഹതടവുകാരൻ

ആലപ്പുഴ: പോക്സോ കേസ് പ്രതിയെ മർദിച്ച് സഹതടവുകാരൻ. ആലപ്പുഴ ജില്ലാ ജയിലിലാണ് സംഭവം. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച കേസിലെ പ്രതിയായ 85കാരൻ തങ്കപ്പന്റെ പല്ല് സഹതടവുകാരൻ അടിച്ച് കൊഴിച്ചു. മോഷണക്കേസിൽ ശിക്ഷിക്കപ്പെട്ട പ്രതിയാണ് തങ്കപ്പനെ മർദിച്ചത്. തനിക്കും പെൺമക്കൾ ഉണ്ടെന്ന് പറഞ്ഞായിരുന്നു മർദനം. കഴിഞ്ഞ ദിവസമാണ് തങ്കപ്പൻ ജയിലിലെത്തിയത്. ഇയാൾ ഏത് കേസിലെ പ്രതിയാണെന്ന് സഹതടവുകാരന് ആദ്യം അറിയില്ലായിരുന്നു. തങ്കപ്പൻ പോക്സോ കേസ് പ്രതിയാണെന്ന് അറിഞ്ഞതോടെയാണ് മർദിക്കാൻ തുടങ്ങിയത്. അടിയേറ്റ് പല്ല് കൊഴിഞ്ഞ തങ്കപ്പനെ ഉടൻ തന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സ നൽകി. കഴിഞ്ഞ ദിവസം നടന്ന സംഭവത്തിൽ തങ്കപ്പനെ മർദിച്ച സഹതടവുകാരനെതിരെ ആലപ്പുഴ സൗത്ത് പൊലീസ് കേസെടുത്തിട്ടുണ്ട്.

# 'ഉലഗം ഉങ്കൾ കൈയിൽ'; കോളേജ് വിദ്യാർഥികൾക്ക് സ്റ്റാലിന്റെ സൗജന്യ ലാപ്ടോപ് പദ്ധതി

ചെന്നൈ: തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ കോളേജ് വിദ്യാർത്ഥികൾക്കുള്ള സൗജന്യ ലാപ്ടോപ്പ് വിതരണ പദ്ധതിക്ക് തുടക്കം കുറിച്ചു. ഇത് സമ്മാനമല്ലെന്നും ലോകത്തെ ഭരിക്കാനുള്ള അവസരമാണെന്നും അദ്ദേഹം പറഞ്ഞു.

'ഉലഗം ഉങ്കൾ കൈയിൽ' (ലോകം നിങ്ങളുടെ കൈകളിലാണ്) എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതി വിദ്യാർത്ഥികളുടെ ഡിജിറ്റൽ ശാക്തീകരണവും അവരുടെ നൈപുണ്യ വികസനവും ലക്ഷ്യമിടുന്നതാണെന്ന് തമിഴ്നാട് സർക്കാർ അറിയിച്ചു.

'ലാപ്ടോപ്പ് ഒരു സമ്മാനമല്ല, ലോകത്തെ ഭരിക്കാനുള്ള അവസരമാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇതൊരു ചെലവല്ല. ഭാവി തലമുറയുടെ വിദ്യാഭ്യാസത്തിനുള്ള നിക്ഷേപമാണ്. പഠിക്കാനുള്ള എല്ലാ അവസരങ്ങളും ഞങ്ങൾ നിങ്ങൾക്കായി സൃഷ്ടിക്കുന്നു. നന്നായി പഠിക്കുകയും നല്ല പാത തിരഞ്ഞെടുക്കുകയും ചെയ്യുക' സ്റ്റാലിൻ പറഞ്ഞു.

പദ്ധതിയുടെ ഭാഗമായി ആകെ 20 ലക്ഷം ലാപ്ടോപ്പുകൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ 10 ലക്ഷം ലാപ്ടോപ്പുകൾ വിതരണം ചെയ്യും. ഈ സാമ്പത്തിക വർഷം ഈ സംരംഭത്തിനായി 2,000 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും തമിഴ്നാട് സർക്കാർ വ്യക്തമാക്കി.

സർക്കാർ കോളേജുകളിൽ പഠിക്കുന്നവർക്കും പോളിടെക്നിക് കോളേജുകളിലും ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലും പഠിക്കുന്നവർക്കും സൗജന്യം ലാപ്ടോപ് ലഭ്യമാകും. എഞ്ചിനീയറിംഗ്, ആർട്സ് ആൻഡ് സയൻസ്, മെഡിസിൻ, അഗ്രികൾച്ചർ, നിയമം തുടങ്ങിയ വിഭാഗങ്ങളും ഇതിലുൾപ്പെടുന്നു. ഡെൽ, ഏസർ, എച്ച്പി തുടങ്ങിയ ബ്രാൻഡുകളിൽ നിന്നുള്ള ലാപ്ടോപ്പുകളാണ് വിദ്യാർത്ഥികൾക്ക് നൽകുന്നത്. ഇതിനോടപ്പം പെർപ്ലക്സിറ്റി പ്രോ എഐ പ്ലാറ്റ്ഫോം ആറ് മാസത്തെ സൗജന്യ സബ്സ്ക്രിപ്ഷനും നൽകുന്നുണ്ട്.

# വട്ടിയൂർക്കാവിൽ ശ്രീലേഖയെ മത്സരിപ്പിച്ചേക്കില്ല; രണ്ടാം വാഗ്ദാനവും പൊളിഞ്ഞു



തിരു : വട്ടിയൂർക്കാവ് മണ്ഡലത്തിലെ ബിജെപി സ്ഥാനാർത്ഥി നിർണയത്തിൽ വീണ്ടും പാർട്ടിയോടിടഞ്ഞ് സംസ്ഥാന വൈസ് പ്രസിഡന്റ് ആർ ശ്രീലേഖ. മേയർ സ്ഥാനം നൽകാത്തത് ശ്രീലേഖയെ വട്ടിയൂർക്കാവ് മണ്ഡലത്തിലെ നിയമസഭാ സ്ഥാനാർത്ഥിയായി മത്സരിപ്പിക്കാനെന്നായിരുന്നു നേതാക്കളുടെ വാഗ്ദാനം. എന്നാൽ, കഴിഞ്ഞ ദിവസം നടന്ന ചർച്ചകളിൽ വട്ടിയൂർക്കാവ് മണ്ഡലത്തിൽ മത്സരിക്കാൻ മുൻ സംസ്ഥാന അദ്ധ്യക്ഷൻ കെ സുരേന്ദ്രൻ താൽപ്പര്യം അറിയിച്ചുവെന്നാണ് വിവരം.

ഇക്കാര്യം അറിഞ്ഞതോടെയാണ് ശ്രീലേഖ പരസ്യപ്രതികരണവുമായി രംഗത്തെത്തിയതെന്നാണ് സൂചന. പാലക്കാടാണ് സുരേന്ദ്രനെ പാർട്ടി പരിഗണിച്ചിരുന്നത്. എന്നാൽ, വട്ടിയൂർക്കാവ് ഇല്ലെങ്കിൽ ഇത്തവണ മത്സരരംഗത്തേക്ക് ഇല്ലെന്നാണ് സുരേന്ദ്രനുമായി അടുപ്പമുള്ളവർ പറയുന്നത്. നിരവധി തവണ പാർട്ടിക്കുവേണ്ടി മത്സരിച്ച് വോട്ടുകളുടെ എണ്ണം വർദ്ധിപ്പിച്ച നേതാവാണ് സുരേന്ദ്രൻ. അതിനാൽ ഇക്കുറി വിജയസാദ്ധ്യതയുള്ള ഒരു മണ്ഡലം തന്നെ വേണമെന്നാണ് നിലപാട്. എന്നാൽ, ആർ ശ്രീലേഖയെ വട്ടിയൂർക്കാവ് മത്സരിപ്പിക്കാനായിരുന്നു നേതൃത്വത്തിന്റെ താൽപ്പര്യം. സുരേന്ദ്രന്റെ വരവോടെ നേതൃത്വം വെട്ടിലായി.

ഔദ്യോഗിക പക്ഷമാണ് ശ്രീലേഖയ്ക്ക് മേയർ സ്ഥാനം വാഗ്ദാനം ചെയ്തത്. അവസാന നിമിഷം രാജേഷിന് വേണ്ടി മുൻ സംസ്ഥാന അദ്ധ്യക്ഷന്മാർ ഇടപെടുകയായിരുന്നു.

നെടുമങ്ങാട് അല്ലെങ്കിൽ ജില്ലയുടെ മറ്റൊരു മണ്ഡലത്തിൽ ശ്രീലേഖയെ സ്ഥാനാർത്ഥിയാക്കുന്നതും പരിഗണിക്കുന്നുണ്ട്. കുമ്മനം രാജശേഖരനും വട്ടിയൂർക്കാവിൽ മത്സരിക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിലും തദ്ദേശ തിരഞ്ഞെടുപ്പിലും ബിജെപി ഒന്നാം സ്ഥാനത്തെത്തിയ മണ്ഡലങ്ങളാണ് നേമവും വട്ടിയൂർക്കാവും.

## കാട്ടാന ക്ഷേത്രം തകർത്തു

ചാലക്കുടി: അതിരപ്പിള്ളിയിൽ കാട്ടാനകൂട്ടത്തിന്റെ ആക്രമണം. വെറ്റിലപ്പാറയിലെ ശിവക്ഷേത്രം ഭാഗികമായി തകർത്തു. തൊട്ടടുത്തുള്ള തൊഴിലാളിയുടെ വീടും തകർത്തു. ഇന്നലെ രാത്രിയിലാണ് കാട്ടാന ക്കൂട്ടമെത്തിയത്.

# ബില്ല് അടച്ചില്ല; പാലക്കാട് ആർടിഒ ഓഫീസിലെ ഫ്യൂസ് ഊരി കെഎസ്ഇബി

പാലക്കാട്: മോട്ടോർ വാഹന വകുപ്പ് പാലക്കാട് ജില്ലാ എൻഫോഴ്സ്മെന്റ് ഓഫീസിലെ വൈദ്യുതി വിഛേദിച്ച് കെഎസ്ഇബി. വൈദ്യുതി ബില്ല് അരലക്ഷം രൂപ കടന്ന് കുടിശികയായ സാഹചര്യത്തിലാണ് കെഎസ്ഇബിയുടെ നടപടി. രണ്ടാം തീയതിയാണ് ഫ്യൂസ് ഊരിയത്. അന്ന് മുതൽ ഓഫീസ് പ്രവർത്തിപ്പിക്കുന്നത് കൂരിരുട്ടിലും മൊബൈൽ ഫോണിന്റെ വെളിച്ചത്തിലുമാണ്. ആകെ അടയ്ക്കേണ്ടിരുന്നത് 55,476 രൂപയാണ്.

പാലക്കാട് ജില്ലയിലെ ആറ് താലൂക്കുകളിലായി സ്ഥാപിച്ച 47 എഐ ക്യാമറകളും നിരീക്ഷിക്കുന്നത് ഇവിടെയാണ്. വൈദ്യുതി വിഛേദിച്ചതോടെ ഇവ പ്രവർത്തനരഹിതമായി. ആകെയുള്ള അഞ്ച് ഇലക്ട്രോണിക് വാഹനങ്ങളും കട്ടപ്പുറത്തായതോടെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനവും നിശ്ചലമായി.

എഐ ക്യാമറകളിലൂടെയും സ്ക്വാഡുകളുടെ നേരിട്ടുള്ള പരിശോധനയിലും പിടികൂടുന്ന ഗതാഗത നിയമലംഘനത്തിനും പിഴത്തുകയും മറ്റുമായി മാസം രണ്ടരക്കോടി രൂപയുടെ വരുമാനം സർക്കാരിന് നൽകുന്ന ഓഫീസാണ് ഇത്. നേരത്തെ ഓഫീസ് മെയ്ന്റനൻസ് ചുമതലയുള്ള കെൽട്രോൺ അടച്ചിരുന്ന വൈദ്യുതി ബിൽ കഴിഞ്ഞ വർഷം ജനുവരി മുതലാണ് മോട്ടോർ വാഹന വകുപ്പിന് കൈമാറിയത്. ബിൽ കൃത്യമായി അടച്ചിരുന്നെങ്കിലും നവംബർ മുതൽ കുടിശികയായി.

# തെരുവ് നായകൾക്ക് ഷെൽട്ടറുകൾ കണ്ടെത്തുന്നത് വെല്ലുവിളി; പ്രതിഷേധത്തെ തുടർന്ന് എബിസി കേന്ദ്രം നിർത്തി: കേരളം



ന്യൂഡൽഹി: തെരുവ് നായകളെ പാർപ്പിക്കുന്നതിനുള്ള പ്രത്യേക സ്ഥലങ്ങൾ കണ്ടെത്തലിന് വെല്ലുവിളി നേരിടുന്നുവെന്ന് സുപ്രീംകോടതിയിൽ കേരളം. തെരുവ് നായകൾക്കുള്ള ഷെൽട്ടറുകൾക്ക് ആരംഭിക്കുന്നതിന് എതിരെ ജനങ്ങളുടെ പ്രതിഷേധം വ്യാപകമാണെന്ന് സംസ്ഥാന ചീഫ് സെക്രട്ടറി സുപ്രീംകോടതിയെ അറിയിച്ചു. തലശ്ശേരിയിൽ ആരംഭിച്ച ABC കേന്ദ്രം ജനങ്ങളുടെ പ്രതിഷേധത്തെ തുടർന്ന് അടയ്ക്കേണ്ടി വന്നതായും സംസ്ഥാന ചീഫ് സെക്രട്ടറി സുപ്രീംകോടതിയെ അറിയിച്ചു.

കേരളത്തിലെ തെരുവ് നായ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിച്ചാണ് സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. ജയതിലക് സുപ്രീംകോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തത്. ഈ സത്യവാങ്മൂലത്തിൽ ആണ് തെരുവ് നായകളെ പാർപ്പിക്കുന്നതിനുള്ള ഡോഗ് പൗണ്ടുകൾ സ്ഥാപിക്കുന്നതിനുള്ള വെല്ലുവിളി വിശദീകരിച്ചിരിക്കുന്നത്.

'ജനസാന്ദ്രത കൂടിയ സംസ്ഥാനമാണ് കേരളം. നഗര, ഗ്രാമ വ്യത്യാസം ഇല്ല. അതിനാൽ ഉപയോഗശൂന്യമായ ഭൂമി കണ്ടെത്തുന്നത് വെല്ലുവിളി നിറഞ്ഞത് ആണ്.' എന്ന് ചീഫ് സെക്രട്ടറി സുപ്രീംകോടതിയെ അറിയിച്ചു. സ്റ്റാന്റിംഗ് കോൺസൽ സി.കെ. ശശിയാണ് സത്യവാങ്മൂലം കോടതിയിൽ ഫയൽ ചെയ്തത്.

നിലവിൽ രണ്ട് ഡോഗ് പൗണ്ടുകളാണ് കേരളത്തിലുള്ളത്. കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിന് സംസ്ഥാന റവന്യു വകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും നടപടികൾ സ്വീകരിച്ച് വരികയാണെന്നും ചീഫ് സെക്രട്ടറി സുപ്രീംകോടതിയെ അറിയിച്ചു. നിലവിൽ തെരുവുനായകൾക്ക് ഭക്ഷണം നൽകുന്നതിന് 22 ഫീഡിങ് കേന്ദ്രങ്ങൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട് എന്നും ചീഫ് സെക്രട്ടറി കോടതിയെ അറിയിച്ചു.

# ബസിനടിയിലേക്ക് മറിഞ്ഞുവീണ യുവതിയുടെ മേൽ ബസ് കയറി യുവതിക്ക് ദാരുണാന്ത്യം



കൊടകര: സ്കൂട്ടറിൽ യാത്ര ചെയ്യുന്നതിനിടയിൽ സ്വകാര്യ ബസിനെ മറികടക്കാൻ ശ്രമിക്കുന്നതിനിടെ ബസിനടിയിലേക്കു വീണ് യുവതി മരിച്ചു. ഇരിങ്ങാലക്കുട കൊട്ടിലിങ്ങപ്പാടം ആസാദ് റോഡിൽ കരിപ്പുര വീട്ടിൽ അഷറഫിന്റെ മകൾ ആഫിദ(28)യാണ് മരിച്ചത്.

കൊടകര വെള്ളിക്കുളങ്ങര റോഡിൽ നെല്ലിപ്പറമ്പിൽ തിങ്കളാഴ്ച വൈകീട്ട് എട്ടുമണിയോടെയായിരുന്നു അപകടം. സംഭവത്തെക്കുറിച്ച് ദൃക്സാക്ഷികൾ പറയുന്നതിങ്ങനെയാണ്. ആഫിദയാണ് സ്കൂട്ടർ ഓടിച്ചിരുന്നത്. വാഹനത്തിൽ ഒരു കുട്ടിയും ബന്ധുവായ സ്ത്രീയുമുണ്ടായിരുന്നു. പത്തുകുളങ്ങരയിലുള്ള ബന്ധുവീട്ടിൽ പോയി മടങ്ങുകയായിരുന്നു ഇവർ. നെല്ലിപ്പറമ്പിൽവെച്ച് ആഫിദ സ്വകാര്യ ബസിനെ മറികടക്കാൻ ശ്രമിക്കവേ എതിരേ നിന്നു വന്ന ബൈക്കിൽ സ്കൂട്ടർ തട്ടി. ഈ സമയം പിറകിൽ നിന്നു വന്ന ബൈക്കും ആഫിദയുടെ സ്കൂട്ടറിൽത്തട്ടി. മറിഞ്ഞുവീണ ആഫിദയുടെ ശരീരത്തിൽ ബസ് കയറിയിറങ്ങി. സ്കൂട്ടറും സ്കൂട്ടറിലുണ്ടായിരുന്ന മറ്റു രണ്ടുപേരും മറുവശത്തേക്ക് വീണതിനാൽ ചെറിയ പരിക്കുകളോടെ രക്ഷപ്പെട്ടു. മൃതദേഹം കൊടകരയിലെ സ്വകാര്യ ആശുപത്രിയിൽ, മകൻ: മുഹമ്മദ് മെഹഫൂഫ് (ലല്ലു).

VEHICLES FOR SALE

SHRIRAM FINANCE LTD.
1st Floor, Pauls Arcade,
Ollukkara P.O.,
MANNUTHY, PIN: 680651

| Vehicle No | Vehicle Description | Year of manu-facturing |
|---|---|---|
| 1. KL 08CB 2600 | TATA LPT 1616 BS6 FBT | 2023 MODEL |
| 2. KL 07BZ 1165 | MAHINDRA XYLO-P | 2013 MODEL |

